# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1005** **05.03.2020-ൽ മറുപടിക്ക്**

**<u>കല്ലടക്ക - ചെർക്കള റോഡ് നിർമ്മാണം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് നിയോജക മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് ടെണ്ടർ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; കരാറുകാരനാരാണെന്നും എഗ്രിമെന്റ് ഒപ്പുവെച്ചതെപ്പോഴാണെന്നും നിർമ്മാണ കാലാവധി എത്ര നാളാണെന്നും വ്യക്തമാക്കാമോ; | (എ) കല്ലടക്ക - ചെർക്കള റോഡ് ടെണ്ടർ ചെയ്തത് 12.07.2018-ൽ ആണ്. M/s.കുദ്രോളി കൺസ്ട്രക്ഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ആണ് കരാറുകാരൻ. 17.10.2018-ലാണ് എഗ്രിമെന്റ് ഒപ്പുവെച്ചത്. നിർമ്മാണ കാലാവധി 12 മാസമാണ്. |
| (ബി) ഈ റോഡിന്റെ നീളവും വീതിയും എത്രയാണെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) ഈ റോഡിന്റെ നീളം 26.194 കി.മീ-ഉം ക്യാരേജ് വേ വീതി 7 മീറ്റർ മുതൽ 9 മീറ്റർ വരെയുമാണ്. എസ്റ്റിമേറ്റ് തുക 39.76 കോടി രൂപയാണ്. |
| (സി) എത്ര ശതമാനം പ്രവൃത്തി ഇതുവരെ ചെയ്തെന്നും കരാറുകാരന് എത്ര തുക ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ; | (സി) ഇതുവരെയായി 50% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 4,68,36,255/- രൂപ കരാറുകാരന് ഇതിനകം നൽകിയിട്ടുണ്ട്. |
| (ഡി) ഈ റോഡിന്റെ പ്രവൃത്തി മുഴുവനായി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) നിലവിലെ സാഹചര്യത്തിൽ 2020 ഡിസംബറിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) പ്രസ്തുത റോഡിന്റെ സുഗമമായ നിർമാണ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) ഉണ്ട്. കെ.എസ്.ഇ.ബി പോസ്റ്റുകളും വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ